RECEIVED/DISPATCHED ON 23/11/21

2/11/2021

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 247(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2774/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. മാത്യൂ ബാസ്റ്റ്യൻ @ കുഞ്ഞുമോൻ,**
**S/o. സെബാസ്റ്റ്യൻ,**
**ചെങ്ങിനിമറ്റം ഹൗസ്,**
**ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിനു സമീപം,**
**ചാലക്കുടി പി.ഒ - 680 307.** } **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,**
   **ചാലക്കുടി നഗരസഭ.**
2. **അപ്പീൽ അധികാരി &**
   **സെക്രട്ടറി,**
   **ചാലക്കുടി നഗരസഭ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/12/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 31/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18/02/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20/02/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/05/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 22/10/2021<br>തൃശ്ശൂർ ഗസ്റ്റ് ഹൗസ് |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മാത്യു ബാസ്റ്റ്യൻ @ കുഞ്ഞുമോൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി ലഭ്യമാക്കിയെങ്കിലും ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിൽ രണ്ടാം എതിർകകഷി ഏകപക്ഷീയമായും, നിയമവിരുദ്ധവുമായ തീരുമാനമെടുത്ത് അപ്പീൽ തീർപ്പാക്കിയെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 17.11.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ചാലക്കുടി മുനിസിപ്പാലിറ്റി IX-ാം വാർഡിൽ സെന്റ് ജെയിംസ് ആയുർവ്വേദ ഹോസ്പിറ്റലിനു വേണ്ടി ചാലക്കുടി മുനിസിപ്പാലിറ്റിയിൽ 18.12.2017 ൽ സമർപ്പിച്ചിട്ടുള്ള ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, അപ്രൂവൽ, പെർമിറ്റ്, ബിൽഡിംഗ് എഞ്ചിനീയറുടെ റിപ്പോർട്ട്, ആയതിനോടനുബന്ധിച്ചുള്ള മറ്റ് റിപ്പോർട്ടുകൾ, രേഖകൾ എന്നിവയുടെ പകർപ്പുകളും

2) ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റൽ 12.10.2020 ൽ SJH 183/2020/OM ആയി സമർപ്പിച്ച അപേക്ഷയുടേയും, രേഖകളുടേയും പകർപ്പ്,

3) 20.10.2020 ൽ സെന്റ് ജെയിംസ് ഹോസ്പിറ്റൽ ഡയറക്ടർ, ചാലക്കുടി ചെയർ പേഴ്സൺ പേരിൽ SJH/85/2020/OM ആയി കൊടുത്ത അപേക്ഷയുടെയും അയതിന്മേൽ കൗൺസിൽ എടുത്ത തീരുമാനത്തിന്റേയും മിനിറ്റ്സിന്റേയും അനുബന്ധ രേഖകളുടേയും പകർപ്പുകൾ എന്നിങ്ങനെ 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 17.11.2020 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 07.12.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 31.12.2020. ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചതായും ടി അപ്പീൽ 23.01.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 24.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ഫയൽ നമ്പറുകൾ രേഖപ്പെടുത്താത്തതിനാലും രേഖപ്പെടുത്തിയ നമ്പറുകൾ നഗരസഭ ഓഫീസുമായി ബന്ധപ്പെട്ടതല്ലാത്തതിനാലുമാണ് ഫയൽ കാൺമാനില്ല എന്ന് എസ്.പി.ഐ.ഒ മറുപടി നൽകിയതെന്നും ടി മറുപടിയിന്മേൽ അപേക്ഷകൻ നൽകിയ അപ്പീൽ ഹർജി പരിശോധിച്ചതിൽ അപേക്ഷകൻ ആവശ്യപ്പെട്ട കെട്ടിട നിർമ്മാണ പെർമിറ്റ്, അംഗീകാരം എന്നിവ നഗരസഭയിൽ നിന്നും അനുവദിച്ചിട്ടില്ല എന്ന് ടിയാനെ അറിയിച്ചിട്ടുള്ളതാണെന്നും ചോദ്യത്തിൽ മറ്റു റിപ്പോർട്ടുകൾ, രേഖകൾ അനുബന്ധ രേഖകൾ എന്നിങ്ങനെ വ്യക്തത ഇല്ലാത്ത ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നതെന്നും ആയതിനാൽ ടി നിയമത്തിലെ 7(9) വകുപ്പ് പ്രകാരം ഫയൽ രേഖകൾ പരിശോധിച്ച് വ്യക്തത വരുത്തുന്ന മുറയ്ക്ക് രേഖകളുടെ പകർപ്പുകൾ അനുവദിക്കുന്നതാണ് എന്ന് ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ അപേക്ഷകൻ ആയതു പ്രകാരം ഫയൽ പരിശോധിച്ച് രേഖകൾ നിർദ്ദേശിച്ചിട്ടില്ലെന്നുമാണ്. കെട്ടിട നിർമ്മാണ അപേക്ഷക്കായി സമർപ്പിച്ച അപേക്ഷ ന്യൂനതകൾ പരിഹരിച്ച് അംഗീകരിച്ചിട്ടില്ലാത്തതിനാൽ പ്ലാൻ, ആധാരത്തിന്റെ പകർപ്പുകൾ എന്നിവ അനുവദിച്ചിരുന്നില്ലെന്നും എന്നാൽ ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ അപ്പീൽ നം. 1413(6)/2020 നമ്പർ കേസിലെ 28.01.2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെന്റ്. ജെയിംസ് ആയുർവേദ ഹോസ്പിറ്റലിന്റെ 18.12.2017 ലെ അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനും രേഖകളുടെ പകർപ്പും ഹർജിക്കാരന് സൗജന്യമായി അനുവദിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടികൾ നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടിയാൻ ആവശ്യപ്പെട്ട എല്ലാ രേഖകളും ലഭ്യമാക്കിയതായി കാണുന്നില്ല. 22.10.2021 ൽ തൃശ്ശൂർ ഗവ: ഗസ്റ്റ് ഹൗസിൽ (രാമനിലയം) വച്ചു കമ്മീഷൻ നടത്തിയ ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരാകുകയോ, ഹാജരാകാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഒന്നാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട അപ്രൂവൽ,

പെർമിറ്റ് എന്നീ രേഖകൾ ഒഴിച്ച് ബാക്കി എല്ലാ വിവരങ്ങളും രേഖകളും നൽകി യതായിട്ടാണ് ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. എന്നാൽ ആയതു തെളിയിക്കുന്നതിന് യാതൊരു രേഖയും കമ്മീഷൻ മുമ്പാകെ ഒന്നാം എതിർകക്ഷി ഹാജരാക്കിയതായി കാണുന്നില്ല. ആശുപത്രിക്ക് പെർമിറ്റ് നൽകി യിട്ടില്ലാത്തതിനാലാണ് പെർമിറ്റ് പകർപ്പ് നൽകുവാൻ കഴിയാത്തതെന്നും 2018 ലാണ് ആശുപത്രി നിർമ്മിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷ നൽകി യതെന്നും ന്യൂനതകൾ പരിഹരിക്കാത്തതിനാലാണ് പെർമിറ്റ് നൽകാത്തത് എന്നു മാണ് ഹിയറിംഗിൽ എതിർകക്ഷി മൊഴി നൽകിയത്. കമ്മീഷൻ തൃശ്ശൂർ വച്ച് നടത്തുന്ന ഹിയറിംഗിന്റെ കത്ത് ഹർജികക്ഷിക്ക് അയച്ചിട്ടുള്ളതും ടിയാൻ ടി കത്ത് കൈപ്പറ്റിയിട്ടും ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗ കര്യം അറിയിക്കുകയോ ചെയ്തിട്ടില്ല. ഹർജികക്ഷിയുടെ അപേക്ഷയിൽ നൽകാ നുള്ള വിവരങ്ങളും ആവശ്യപ്പെട്ട ലഭ്യമായ പകർപ്പുകളും ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ഹർജികക്ഷിക്ക് അയച്ചു നൽകേണ്ടതാണ് എന്ന് കമ്മീഷൻ ഉത്തരവിടുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീ ഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 2-ാം തീയതി തീർപ്പാക്കി ഉത്തരവാകു ന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm